DESPATCHED
On.03/8/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 749(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5528/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂലൈ 30**

ശ്രീ. കെ. ശിവപ്രകാശൻ,
ബേബി നിവാസ്,
കുനത്തറ പി.ഒ., കവളപ്പാറ വഴി,
പാലക്കാട് – 679 523. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എ.ഐ.ജി. ചിട്ടി,
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ
കാര്യാലയം, വഞ്ചിയൂർ, തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ,
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ
കാര്യാലയം, വഞ്ചിയൂർ, തിരുവനന്തപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 13/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/05/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/07/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ. ശിവപ്രകാശൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപൂർണ്ണവും കളവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ടി മറുപടിയ്ക്കെതിരെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.12.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഹർജിക്കാരന്റെ പ്രമാണം അണ്ടർ വാല്യുവേഷനിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങളാണ്:

i. 6.1.2007 തീയതി വെച്ച് ഫോം II നോട്ടീസ് 30.1.2019–ന് തന്ന് 31.01.19–ന് മറുപടി കൈപ്പറ്റി പതിനൊന്ന് വർഷത്തിനു ശേഷം തൽക്കാല ഉത്തരവ് നൽകിയത് ഏത് നിയമപ്രകാരമെന്നും ഇത് നിയമം അനുസരിച്ചാണോയെന്നും ഫോം II നോട്ടീസ് നൽകി എത്ര ദിവസത്തിനകം തൽക്കാല ഉത്തരവ് നൽകിയിരിക്കണമെന്നാണ് നിയമം എന്നും

ii. തൽക്കാല ഉത്തരവിനൊപ്പം ഫോം III നൽകാതിരുന്നത് ഏത് നിയമം അനുസരിച്ചാണെന്നും

iii. ചട്ടം 4(3) പ്രകാരം അന്വേഷണം നടത്താതെ നടത്തിയെന്നും, ടിയാൻ വില കുറച്ചു കാണിച്ചെന്ന് ബോദ്ധ്യപ്പെട്ടെന്നും കളവ് എഴുതിയ ജില്ലാ രജിസ്ട്രാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശ്രീ.അലക്സാണ്ടർ, ഐ.ജി. ആയിരുന്ന സമയം തൊട്ട് ടിയാൻ ഐ.ജി.ക്ക് എഴുതിക്കൊണ്ടിരിക്കുന്നതിൽ ഡെപ്യൂട്ടി രജിസ്ട്രാർക്കെതിരെ കൈക്കൊണ്ട ശിക്ഷാനടപടിയെന്തെന്നും മറ്റുമായി 37 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 07.01.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 13.1.2022 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അപേക്ഷയിലെ 1, 3, 4, 5, 6, 25, 26 എന്നിവയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ലാ എന്നാണ്. ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും സത്യസന്ധമായി നൽകാൻ എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ 08.2.2022–ന് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 1.2.2022–ലും 2.2.2022–ലും ഇ–മെയിൽ മുഖാന്തിരം മൊഴി നൽകുകയും വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല എന്നും കൃത്യമായ വിവരങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു എന്നും, ടിയാന്റെ അപ്പീലപേക്ഷയുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ.യുടെ സൂക്ഷിപ്പിലുള്ള രേഖകൾ എന്നിവ പരിശോധിച്ചതിൽ, വിവരാവകാശ നിയമത്തിലെ 7(1) ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി എസ്.പി.ഐ.ഒ. നൽകിയതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നും, അപ്പീൽ

ഹർജിയും എസ്.പി.ഐ.ഒ.യുടെ വിശദീകരണവും പരിശോധിച്ചതിൽ എസ്.പി.ഐ.ഒ. സ്വീകരിച്ചിരിക്കുന്ന നടപടികൾ ശരിയാണെന്നും ബഹു. സംസ്ഥാന വിവരാവകാശ കമ്മീന്റെ 30.4.2008-ലെ 3083/എസ്.ഐ.സി.-ജി1/2008 നമ്പർ ഉത്തരവ് പ്രകാരം ഫയലുകളും പ്രമാണങ്ങളും നേരിട്ട് പരിശോധിക്കുക, കുറിപ്പെഴുതുക, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭിക്കുക, സാമ്പിളുകൾ ലഭിക്കുക, ഇലക്ട്രോണിക് ഉപകരണങ്ങളാൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിലോ പേപ്പർ പ്രിന്റായോ ലഭിക്കുക തുടങ്ങിയവയാണ് വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് ലഭിക്കുന്ന അവകാശമെന്നും വിശദീകരണങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, പരാതിയ്ക്ക് പരിഹാരം ആവശ്യപ്പെടുക തുടങ്ങിയവ വിവരാവകാശ നിയമം 2005 വകുപ്പ് 2(എഫ്) പ്രകാരം 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്ന കാര്യമല്ലെന്നും ഒരു പൊതു അധികാര സ്ഥാപനം ഒരു വ്യക്തിയുടെ നിരന്തരമായ വിവരാവകാശ അപേക്ഷകൾക്ക് മറുപടിയും വിവരങ്ങളും ശേഖരിച്ച് നൽകുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന സമയത്തിന്റെ നല്ലൊരു ഭാഗവും മാറ്റി വെയ്ക്കുമ്പോൾ ആ സ്ഥാപനത്തിന്റെ സേവനത്തിനായി അപേക്ഷ നൽകിയിരിക്കുന്ന ഒരുപാടുപേരുടെ അവകാശങ്ങൾ തടസ്സപ്പെടുകയോ താമസിക്കപ്പെടുകയോ ചെയ്യുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 17.5.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ എസ്.പി.ഐ.ഒ.ക്ക് ലഭ്യമായ വിവരാവകാശ അപേക്ഷയിൽ അണ്ടർ വാല്യുവേഷൻ ഇനത്തിൽ 11 വർഷത്തിനുശേഷം തൽക്കാല ഉത്തരവ് നൽകിയത് ഏത് നിയമപ്രകാരമെന്നും ഇത് നിയമം അനുസരിച്ചാണോയെന്നും, ഫോം 2 നോട്ടീസ് നൽകി എത്ര ദിവസത്തിനകം തൽക്കാല ഉത്തരവ് നൽകിയിരിക്കണമെന്നാണ് നിയമം എന്നുമാണ്. ആയതിന് 1968-ലെ കേരള മുദ്രപത്ര (കരണങ്ങളിൽ മൂല്യം കുറച്ചു കാണിക്കുന്നത് തടയൽ) ചട്ടങ്ങൾ അനുസരിച്ചാണെന്നും പ്രസ്തുത ചട്ടങ്ങളിൽ സമയപരിധി വ്യവസ്ഥ ചെയ്തു കാണുന്നില്ലായെന്ന് മറുപടി നൽകിയിട്ടുള്ളതാണെന്നും, തുടർന്ന് സമർപ്പിച്ച അപ്പീലിന് ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒ.യുടെ നടപടി ശരിവെച്ച് 8.2.2022 തീയതി ഉത്തരവായിട്ടുള്ളതാണെന്നുമാണ്. രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ വില കുറച്ച് കാണിക്കുന്നതിനെ തടയുന്നത് 1959-ലെ കേരള മുദ്രപത്രനിയമത്തിലെ 45 ബി വകുപ്പ് പ്രകാരവും 1968-ലെ കേരള മുദ്രപത്ര (കരണങ്ങളിൽ മൂല്യം കുറച്ചു കാണിക്കുന്നത് തടയൽ) ചട്ടങ്ങൾ പ്രകാരവുമാണ്. വില കുറച്ച് പ്രസ്തുത വകുപ്പുകളിലോ ചട്ടങ്ങളിലോ താത്ക്കാലിക

ഉത്തരവ് നൽകുന്നതിന് കളക്ടർമാർക്ക്/ജില്ലാ രജിസ്ട്രാർക്ക് സമയപരിധി നിശ്ചയിച്ചു കാണുന്നില്ലെന്നും, എന്നാൽ 1.1.2022 മുതൽ നിലവിൽ വന്ന പരിഷ്കരിച്ച മാന്വൽ ഓർഡറിലെ 365 മുതലുള്ള ഉത്തരവുകളിലാണ് അണ്ടർ വാല്യുവേഷന്റെ നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുള്ളതെന്നും 2022-ൽ പുറത്തിറങ്ങിയ മേൽ മാന്വൽ ഓർഡർ ചൂണ്ടിക്കാട്ടിയാണ് 2006-ൽ 3616-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരത്തിൻമേൽ രജിസ്ട്രേഷൻ വകുപ്പ് നൽകിയിട്ടുള്ള അണ്ടർവാല്യുവേഷൻ നടപടികളെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്ന സമയത്ത് പ്രസ്തുത ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതാണെന്നുമാണ്. 1959-ലെ കേരള മുദ്രപത്രനിയമത്തിലെ 45-ബി വകുപ്പ് പ്രകാരം എതിർകക്ഷി മുമ്പാകെ രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങളിൽ പ്രതിഫലം/വില സത്യസന്ധമായല്ല കാണിച്ചതെന്ന് സബ് രജിസ്ട്രാർക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ രജിസ്ട്രേഷനുശേഷം പ്രസ്തുത ആധാരം അണ്ടർ വാല്യുവേഷൻ നടപടികൾക്കായി റിപ്പോർട്ട് ചെയ്യാവുന്നതാണ്. ആയതിനുള്ള പരിപൂർണ്ണ അധികാരം സബ് രജിസ്ട്രാർക്കുള്ളതാണെന്നും 2010-നു മുൻപ് ഗവൺമെന്റ് നിശ്ചയിച്ച ന്യായവില നിലവിൽ ഉണ്ടായിരുന്നില്ലെന്നും എന്നാൽ ഗവൺമെന്റ് റവന്യു കുറയ്ക്കാതിരിക്കാനുള്ള താത്ക്കാലിക നടപടി എന്ന രീതിയിൽ ആധാരമെഴുത്തുക്കാരും സബ് രജിസ്ട്രാറും തമ്മിൽ ഉണ്ടാക്കിയ ഒരു ധാരണാവില നിലവിൽ ഉണ്ടായിരുന്നു എന്നും പ്രസ്തുത ധാരണാവില ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിച്ചതല്ല എന്നും ആയതിനാൽ തന്നെ ടി വില ആധികാരികമാണെന്ന് പറയാൻ കഴിയില്ലെന്നും ധാരണാവില ഉണ്ടെങ്കിൽ അണ്ടർവാല്യുവേഷന് റിപ്പോർട്ട് ചെയ്യേണ്ടതില്ലായെന്നതിന് ഒരു ഗവൺമെന്റ് ഉത്തരവും നിലവിലില്ലാത്തതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഒലവക്കോട് സബ് രജിസ്ട്രാർ ഓഫീസിൽ 3616/2006-ാം നമ്പരായി രജിസ്റ്റർ ചെയ്ത വസ്തുവിന് 4,50,000/- രൂപ വില നൽകിയിട്ടുള്ളതാകുന്നു. എന്നാൽ പ്രസ്തുത ആധാരത്തിൽ ഉൾപ്പെട്ട് വരുന്ന വസ്തുവിന് 7,00,000/- രൂപ വില കണക്കാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിലുള്ള കുറവ് മുദ്രയുടെയും ഫീസിന്റെയും ഇനത്തിൽ ആകെ 36,250/- കൂടി ഈടാക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടുകൊണ്ട് പ്രസ്തുത ആധാരം അന്നത്തെ സബ് രജിസ്ട്രാർ അണ്ടർവാല്യുവേഷൻ നടപടിക്ക് വിധേയമാക്കിയിട്ടുള്ളതാണെന്നുമാണ്. 1968-ലെ കേരള മുദ്രപത്ര (കരണങ്ങളിൽ മൂല്യം കുറച്ചു കാണിക്കുന്നത് തടയൽ) ചട്ടം 4(3) അനുസരിച്ച് വസ്തുവിന്റെ വില താത്ക്കാലികമായി നിശ്ചയിക്കുന്നതിനുള്ള നടപടിക്രമത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടത് Mandatory അല്ല. താത്ക്കാലികമായി വില നിശ്ചയിച്ചാലും യഥാർത്ഥവില സംബന്ധിച്ച് വസ്തുനിഷ്ഠമായ വിവരങ്ങൾ

കളക്ടറെ/ജില്ലാ രജിസ്ട്രാറെ ബോധിപ്പിച്ച് അന്തിമവില നിർണ്ണയത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് കക്ഷിയ്ക്ക് അവസരമുള്ളതുകൊണ്ട് ഈ ഘട്ടത്തിൽ ഒരു വിശദമായ അന്വേഷണം നിർബന്ധിക്കപ്പെട്ടിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് ജീവനക്കാരെ അധിക്ഷേപിച്ചുകൊണ്ടുള്ള ഇ-മെയിലുകൾ അയച്ചതല്ലാതെ അവയിൽ ഒന്നും തന്നെ താത്ക്കാലിക ഉത്തരവിൽ കണക്കാക്കിയ വില തെറ്റാണെന്ന് തെളിയിക്കുന്നതിന് യുക്തിസഹജമായ യാതൊരു വിശദീകരണവും ഹർജിക്കാരൻ നൽകിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. ഹർജിക്കാരനേയും എസ്.പി.ഐ.യ്ക്കു വേണ്ടി ഹാജരായ അപ്പീൽ അധികാരി ശ്രീ. പി.കെ.സാജൻ കുമാറിനേയും നേരിൽ കേട്ട വേളയിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ തെറ്റായ വിവരങ്ങൾ ഒന്നാം എതിർകക്ഷിയായ എസ്.പി.ഐ.ഒ.യും, രണ്ടാം എതിർകക്ഷിയായ അപ്പീൽ അധികാരിയും നൽകിയതിനാൽ അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും, ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും സത്യസന്ധമായും നൽകണമെന്നുമാണ് കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ആവശ്യപ്പെട്ടത്. ഹർജിക്കാരന് തൃപ്തികരമല്ലാത്തത് വിവരാവകാശ അപേക്ഷയിലെ 1, 3, 4, 5, 6, 25, 26 എന്നീ ഇനങ്ങൾക്ക് ലഭിച്ച മറുപടി സംബന്ധിച്ചാണെന്ന് കാണുന്നു. ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി പരിശോധിച്ചതിൽ, 1, 5, 25, 26 എന്നീ ഇനങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. അപേക്ഷയിലെ 3, 4, 6 എന്നീ ഇനങ്ങൾക്ക് ഒന്നാം എതിർകക്ഷി വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മേൽപ്പടി ഇനങ്ങൾക്കുള്ള മറുപടി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു. ഹർജിക്കാരനും, എതിർകക്ഷിയും കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വാദങ്ങൾ പരിശോധിച്ചതിൽ നിന്നും ഇരുഭാഗത്തും വീഴ്ചയുണ്ടായതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഹർജിക്കാരന്റെ വസ്തുവിന്റെ അണ്ടർ വാലുവേഷനിൽ ക്രമക്കേട് കണ്ടെത്തി ഹർജിക്കാരനെ അറിയിച്ചിരുന്നുവെങ്കിലും, ഹർജിക്കാരൻ ടി അറിയിപ്പിൻമേൽ പ്രതികരിച്ചതായും കാണുന്നില്ല. അതേ സമയം എതിർകക്ഷികൾ ഫോം-2 പ്രകാരമുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി സ്വീകരിച്ചിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ, അണ്ടർ വാല്യൂവേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ നടത്തുമ്പോൾ കൂടുതൽ ശ്രദ്ധയോടെ എതിർകക്ഷികൾ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരന്റെ മറ്റ് ആക്ഷേപങ്ങൾ ഒന്നും വിവരാവകാശ നിയമപ്രകാരം പരിഹരിക്കാൻ നിർവ്വാഹമില്ല. എന്നാൽ മാനുഷിക പരിഗണന കണക്കാക്കി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഹർജിക്കാരന്റെ ആക്ഷേപങ്ങൾ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തേണ്ടതാണെന്നും ഈ വിഷയത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഹർജിക്കാരനെ പരിഹാര മാർഗ്ഗങ്ങൾ അറിയിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച നടപടി റിപ്പോർട്ട് 30.8.2022-നകം കമ്മീഷൻ മുമ്പാകെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിക്കേണ്ടതാണ്. ആയതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അയച്ചു കൊടുക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂലൈ മാസം 30-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •